എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

*11 [570] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:

" കോടിയേരി ബാലകൃഷ്ണൻ:

" വി. ചെന്താമരാക്ഷൻ:

" പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എനർജി മാനേജ്മെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളോടുകൂടിയാണ് എനർജി മാനേജ്മെന്റ് സെന്റർ സ്ഥാപിക്കപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഉദ്ദേശലക്ഷ്യങ്ങൾ എന്തുമാത്രം കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള എത്ര പ്രോജക്ട് റിപ്പോർട്ടുകൾ യുനിഡോയുടെ സഹായത്തോടെ ഇ.എം.സി. തയ്യാറാക്കുകയുണ്ടായി;

(ഇ) 2004 ജനുവരി 31-നകം എത്ര മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധന ചെറുകിട പദ്ധതികളിലൂടെ കൈവരിക്കാനായിരുന്നു സർക്കാർ കണക്കാക്കിയിരുന്നത്; യഥാർത്ഥത്തിൽ എത്ര മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധന ചെറുകിട പദ്ധതികളിലൂടെ നേടുകയുണ്ടായി?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): (എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ഊർജ്ജം ഉപയോഗിക്കുന്നതിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ സഹായിക്കുക, വ്യവസായങ്ങളിലെ ഊർജ്ജ ഉപയോഗം കാര്യക്ഷമമാക്കുക, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, ഊർജ്ജ സംരക്ഷണവും ഊർജ്ജ മാനേജ്മെന്റും സംബന്ധമായി വിവിധ വികസന മേഖലകൾക്കും സർക്കാരിനും സാങ്കേതികോപദേശം നൽകുക എന്നിവയാണ് സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

(സി) 1996-ൽ പ്രവർത്തനം ആരംഭിച്ച സെന്ററിന് വിവിധ മേഖലകൾക്ക് അനുയോജ്യമായ പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി ആന്റ് ഇ) രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ജല വൈദ്യുത പദ്ധതി നിർവ്വഹണം യൂണിഡോ റീജിയണൽ സെന്ററിന്റെ പരിധിയിൽ വരുന്നില്ല. എന്നാൽ 'Rural Energy For Production Use' എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിലെ വൈദ്യുതി എത്തിയിട്ടില്ലാതിരുന്ന പഞ്ചായത്തായ മാങ്കുളത്ത് 110 KW മൈക്രോ ഹൈഡൽ പദ്ധതി യൂണിഡോ സഹായത്താൽ 28-10-2004-ൽ കമ്മീഷൻ ചെയ്തു.

മണ്ണ്, ജലസംരക്ഷണ പ്രക്രിയകൾക്കുള്ള വാട്ടർഷെഡ് പദ്ധതി

*12 [571] ശ്രീ. പി. കെ. കെ. ബാവ:
" സി. ടി. അഹമ്മദ് അലി:
" സി. മമ്മൂട്ടി:
" ചെർക്കളം അബ്ദുള്ള:
" പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ്, ജല സംരക്ഷണ പ്രക്രിയകൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള വാട്ടർഷെഡ് പദ്ധതി എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) കൂടുതൽ പ്രദേശങ്ങളിൽ ഇത്തരം വികസന പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെയെല്ലാം?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കൃഷി (മണ്ണു സംരക്ഷണം) വകുപ്പ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും തെരഞ്ഞെടുത്ത വാട്ടർഷെഡുകളിൽ മണ്ണു സംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്.

(1) നബാർഡ് സഹായത്തോടെ നടപ്പിലാക്കി വരുന്ന ആർ. ഐ. ഡി. എഫ്. പദ്ധതി.

(2) ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശവുമായി ബന്ധപ്പെട്ട മണ്ണു സംരക്ഷണ പദ്ധതി.

(3) കബനി നദീതട മണ്ണുസംരക്ഷണ പദ്ധതി (കേന്ദ്രാവിഷ്കൃത പദ്ധതി).

(4) ദേശീയ നീർമറി വികസന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly